# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3706** — **20/06/2019-ൽ മറുപടിയ്ക്ക്**

## ആയുർവേദ ഔഷധനിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) മാറിമാറി വരുന്ന നിയമങ്ങൾക്ക് അനുസൃതമായി സമയബന്ധിതമായി നടപടി സ്വീകരിക്കാത്തത് മൂലം സംസ്ഥാനത്തെ ആയുർവേദ ഔഷധനിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) മരുന്ന് നിർമ്മാണത്തിനായുള്ള പൈലറ്റ് സ്റ്റഡിയ്ക്ക് അനുമതി നൽകുന്നതിനുള്ള പെരുമാറ്റച്ചട്ടം നിർമ്മിക്കുവാൻ ഓരോ സംസ്ഥാനത്തും നാലംഗ സമിതിയെ രൂപീകരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ ഫെബ്രുവരിയിലെ ഉത്തരവിന് അനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) സ്വീകരിച്ചിട്ടുണ്ട്. നാലംഗ എക്സ്‌പെർട്ട് കമ്മിറ്റി 2019 ഏപ്രിൽ മാസം മുതൽ പ്രവർത്തനം ആരംഭിച്ച് പേറ്റന്റ് & പ്രൊപ്രൈറ്ററി മരുന്നുകൾക്കുള്ള അംഗീകാരം നൽകി തുടങ്ങിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് പുതിയ മരുന്നുകൾക്ക് അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, അനുമതി വേഗത്തിൽ ലഭിക്കുന്ന സംസ്ഥാനങ്ങളിലേയ്ക്ക് മരുന്ന് നിർമ്മാണം മാറ്റി കൊണ്ടുപോകുന്നത് ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) പുതിയ ആയുർവേദ മരുന്നുകൾക്ക് അനുമതി വേഗത്തിൽ നൽകുവാൻ സാധിക്കുന്നുണ്ട്. ആയതിനാൽ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഔഷധനിർമ്മാണ സ്ഥാപനങ്ങൾ മാറ്റേണ്ട സാഹചര്യം സംസ്ഥാനത്തില്ല. |

**സെക്ഷൻ ഓഫീസർ**